# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഒാക്ടോബർ 5**

---

## ബൗദ്ധിക സ്വത്തവകാശം; സെമിനാർ നാളെ

*ബൗദ്ധിക സ്വത്തവകാശത്തെക്കുറിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് സംഘടിപ്പിക്കുന്ന സെമിനാർ നാളെ(ഒക്ടോബർ ഏഴ്) നടക്കും. വകുപ്പിന്റെ സെമിനാർ ഹാളിൽ രാവിലെ 9.30ന് സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ സെമിനാർ ഉദ്ഘാടനം ചെയ്യും.*

*ബൗദ്ധിക സ്വത്തവകാശ മേഖലയിലെ ആനുകാലിക വിഷയങ്ങൾ, പുതിയ സാങ്കേതികവിദ്യകൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യും. എൻ.ഐ.പി.ഒ പ്രസിഡന്റ് പ്രഫ. ടി.സി ജെയിംസ്, കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് പ്രഫസർ ഡോ. കവിത ചക്കാലയ്ക്കൽ, ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ഇൻഡസ്ട്രിയൽ ഡവലപ്മെന്റിലെ അസോസിയേറ്റ് പ്രഫസർ റെജി കെ. ജോസഫ്, കെ.എസ്.സി.ടി.ഇയിലെ പ്രോജക്ട് സയന്റിസ്റ്റ് ഡോ. ആർ. ആശ, ഡോ.പി.എം. ആരതി എന്നിവർ വിഷയം അവതരിപ്പിക്കും.*

*സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ് ഇൻഫർമേഷൻ സെന്റർ കേരളയുടെ സഹകരണത്തോടെയാണ് സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്.*
*(പി.ആർ.ഒ/39/892/2024)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*രണ്ടാം സെമസ്റ്റർ ഐഎംസിഎ(2023 അഡ്മിഷൻ റഗുലർ, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) രണ്ടാം സെമസ്റ്റർ ഡിഡിഎംസിഎ(2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് പരീക്ഷയ്ക്ക് ഒക്ടോബർ 14 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടുകൂടി ഒക്ടോബർ പതിനാറു വരെയും സൂപ്പർ ഫൈനോടു കൂടി ഒക്ടോബർ 18 വരെയും അപേക്ഷ സ്വീകരിക്കും.*

....................

*നാലാം സെമസ്റ്റർ ത്രിവൽസര യൂണിറ്ററി എൽ.എൽ.ബി (2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, എൽ.എൽ.ബി ത്രിവൽസര 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം*

*മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്-അഫിലിയേറ്റഡ് കോളേജുകൾ)പരീക്ഷകൾക്ക് ഒക്ടോബർ ഒൻപതു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 14 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 16 വരെയും അപേക്ഷ സ്വീകരിക്കും.*

*...................*

*ഒന്നാം സെമസ്റ്റർ എംഎ, എംഎസ്സി, എംകോം, എംസിജെ, എംഎച്ച്എം, എംഎംഎച്ച്, എംടിഎ, ആന്റ് എംടിടിഎം (സിഎസ്എസ് 2015 മുതൽ 2018 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഒക്ടോബർ 25 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 28 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 30 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/893/2024)*

## പരീക്ഷ മാറ്റി

*ഒക്ടോബർ 22ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി(2021 അഡ്മിഷൻ റഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷ നവംബർ അഞ്ചിലേക്ക് മാറ്റി. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/894/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**